(സി, ഡി) 2004 വർഷം കേരളത്തിലേക്കുള്ള വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 17.28 ശതമാനം വർദ്ധനവ് മുൻ വർഷത്തെ അപേക്ഷിച്ച് ഉണ്ടായിട്ടുണ്ട്. അതുപോലെതന്നെ 2003 വർഷത്തേക്കാൾ 28.82 ശതമാനം വർദ്ധനവ് 2004 വർഷത്തിൽ ഉണ്ടായിട്ടുണ്ട്. ഇതു സംബന്ധിച്ചുള്ള 2005-ലെ കണക്കുകൾ ലഭ്യമായി വരുന്നതേയുള്ളു.

ടൂറിസ്റ്റുകളെ ആകർഷിക്കാൻ കെ.ടി.ഡി.സി.-യുടെ പദ്ധതികൾ

60(1536) ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ ഉതകുന്ന എന്തെല്ലാം പുതിയ പദ്ധതികളാണ് കെ.ടി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനുവേണ്ടി എത്ര കോടി രൂപയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തനിമ നിലനിർത്തുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രമുഖ വിനോദസഞ്ചാര കേന്ദ്രങ്ങളിലുള്ള കെ.ടി.ഡി.സി. ഹോട്ടലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം പുതിയ കേന്ദ്രങ്ങളിൽ പുതിയ ഹോട്ടലുകൾ സ്ഥാപിക്കുന്നതിനുമുള്ള പദ്ധതികളാണ് കെ.ടി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കെ.ടി.ഡി.സി. വരുന്ന 10 വർഷത്തിനുള്ളിൽ നടപ്പാക്കാനുദ്ദേശിച്ചിട്ടുള്ള വികസനപദ്ധതികൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ബി) ഇതിനുവേണ്ടി ഉദ്ദേശം 145 കോടി രൂപ ചലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കേരളത്തനിമ നിലനിർത്തുന്ന പദ്ധതികളായിരിക്കും കെ.ടി.ഡി.സി. ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്.

ടൂറിസം രംഗത്തെ മുലധന നിക്ഷേപം

61(1537) ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം - X

LIBRARY ARCHIVES Kerala Legislative Assembly

(എ) ടൂറിസം രംഗത്ത് പൊതുമേഖലയിൽ പുതിയ നിക്ഷേപം നടത്തുന്നുണ്ടോ;

(ബി) പൊതുമേഖലയിലെ സംരഭങ്ങളുടെ വികസനം എപ്രകാരം നടപ്പാക്കാം എന്നാണ് സർക്കാർ കരുതുന്നത്;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖല ടൂറിസം രംഗത്ത് മൂലധന നിക്ഷേപം നടത്തിയിട്ടുണ്ടെങ്കിൽ ഓരോ വർഷവും എത്ര കോടി രൂപ വീതമാണ് എന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം ടൂറിസം സംരഭങ്ങളാണ് ഈ കാലയളവിൽ സ്വകാര്യ വത്ക്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ നേരിട്ടും ആവശ്യം ചിലതിൽ സ്വകാര്യപങ്കാളിത്തമുള്ള സംയുക്ത സംരംഭമായും നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ഡി) ഒരു സംരഭവും ഈ കാലയളവിൽ സ്വകാര്യവത്ക്കരിച്ചിട്ടില്ല.

ടൂറിസം ദർശനം 2025

62(1538) ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം ദർശനം 2025 പ്രകാരം വിഭാവന ചെയ്ത ടൂറിസത്തിന്റെ ഭാഗമായി തൊഴിലുകൾ സൃഷ്ടിക്കുകയും ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ;

(ബി) ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

(സി) വർഷം തോറും ഏറ്റവും കുറഞ്ഞത് 1000 പേർക്കെങ്കിലും ടൂറിസം സംബന്ധമായ തൊഴിലുകൾ സൃഷ്ടിക്കുമെന്ന വാഗ്ദാനം നടപ്പിലാക്കിയിട്ടുണ്ടോ; എത്ര പേർക്ക് ഇപ്രകാരം തൊഴിൽ നൽകി; വർഷം തിരിച്ച് കണക്കുകൾ വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഈ സർക്കാരിന്റെ കാലയളവിൽ കണ്ടെത്തിയ പുതിയ ടൂറിസം മേഖലകൾ ഏതെല്ലാം; അവയിൽ നടപ്പിലാക്കിയ പദ്ധതികൾ എതെല്ലാം എന്നറിയിക്കുമോ?

† അനുബന്ധം - XI

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം XI

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 161(1537) കാണുക]

മൂലധനനിക്ഷേപം സംബന്ധിച്ച വിശദവിവരം

ക്രമ നമ്പർ	സ്ഥാപനം	മൂലധന തുക (രൂപയിൽ)				
		2001-02	2002-03	2003-04	2004-05	2005-06
1	കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്	1,42,900	1,00,000	5,00,00,000	85,000	1,00,000
2	ടൂറിസ്റ്റ് റിസോർട്ട് (കേരള) ലിമിറ്റഡ്	1,87,50,000	4,50,00,000	4,50,00,000	2,70,00,000	2,00,00,000
3	ബേക്കൽ റിസോർട്ട്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്	75,00,000	2,00,00,000	20,00,000	2,00,00,000	2,00,00,000
	ആകെ	2,63,92,900	6,51,00,000	9,70,00,000	4,70,85,000	4,01,00,000

LIBRARY ARCHIVES Kerala Legislative Assembly